ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 05.06.2025**

## പ്രധാന വാർത്തകൾ

**TIME: 07.25 AM**

1) ഇന്ന് ലോക പരിസ്ഥിതി ദിനം ; ന്യൂഡൽഹിയിൽ വൃക്ഷത്തൈ നടീൽ പരിപാടിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും ; സംസ്ഥാനത്തും വിപുലമായ പരിപാടികൾ.

**World Environment Day Today: PM Modi to Lead Tree Plantation Drive in New Delhi; Widespread Events Across Kerala.**

2) ബംഗളുരുവിൽ ഐപിഎൽ വിജയാഘോഷങ്ങൾക്കിടെ തിക്കിലും തിരക്കിലുംപ്പെട്ട് മരിച്ചവരുടെ എണ്ണം 11 ആയി ; സംഭവത്തിൽ മജിസ്റ്റീരിയൽ തല അന്വേഷണം പ്രഖ്യാപിച്ച് കർണാടക സർക്കാർ.

**Death Toll Rises to 11 Amid Overcrowding in Bengaluru IPL Victory Celebrations; Karnataka Govt Orders Magisterial Probe.**

3) ഇ-ആധാർ ഉപയോഗിച്ച് തത്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നത് ഉടൻ പ്രാബല്യത്തിൽ വരുമെന്ന് റെയിൽവേ മന്ത്രാലയം.

**Tatkal Ticket Booking Using e-Aadhaar to Be Implemented Soon, Says Railway Ministry.**

4) രാജ്യത്ത് അടുത്ത ജനസംഖ്യാ കണക്കെടുപ്പ് 2027 ൽ നടത്തുമെന്ന് കേന്ദ്രസർക്കാർ ; ജാതി തിരിച്ചുള്ള കണക്കെടുപ്പും ഇതോടൊപ്പം നടത്തും.

**Centre to conduct Population Census with caste enumeration in two phases, beginning October 2026.**

5) കേരളത്തിൽ, നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

In Kerala, Nomination Withdrawal Deadline for Nilambur Bypoll Ends Today.

6) വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിൽ ഒരാഴ്ച കൂടി മഴ തുടരും ; സിക്കിമിൽ വിനോദ സഞ്ചാരികളെ രക്ഷപ്പെടുത്താൻ ഊർജ്ജിത ശ്രമം.

IMD Forecasts Another Week of Rain in Northeast States; Rescue Efforts Intensified for Stranded Tourists in Sikkim.

***********************************

## WORLD ENVIORNMENT DAY

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തി ഇന്ന് ലോക പരിസ്ഥിതി ദിനം. പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുക്കുക അവസാനിപ്പിക്കുക എന്നതാണ് ഇത്തവണത്തെ പ്രമേയം. രാജ്യമെമ്പാടും വിപുലമായ പരിപാടികളും ഇതിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ ദിനാചരണത്തിന് ആഗോള തലത്തിൽ ആതിഥേയത്വം വഹിക്കുന്ന രാജ്യം ദക്ഷിണ കൊറിയയാണ്.

***********************************

## PM-ENVIRONMENT DAY

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വൃക്ഷത്തൈ നടീൽ പരിപാടിക്ക് നേതൃത്വം നൽകും. ഏക് പെഡ് മാ കേ നാം സംരംഭത്തിൻറെ ഭാഗമായി പ്രധാനമന്ത്രി ആൽമരത്തൈ നടും. 700 കിലോമീറ്റർ ദൈർഘ്യമുള്ള ആരവല്ലി ഗ്രീൻ വാൾ പദ്ധതിയുടെ ഭാഗമാണിത്. ഡൽഹി സർക്കാരിന്റെ സുസ്ഥിര ഗതാഗത പദ്ധതിയുടെ ഭാഗമായി 200 ഇലക്ട്രിക് ബസുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

*************************************

## REV. PM- RAMSAR SITES

രാജ്യത്തെ രണ്ട് തണ്ണീർതടങ്ങൾ കൂടി റാംസാർ പട്ടികയിൽ ഉൾപ്പെട്ടു. ഇതോടെ റാംസാർ പട്ടികയിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ എണ്ണം 91 ആയി. രാജസ്ഥാനിലെ ഫലോദി ജില്ലയിലെ ഖീച്ചൻ, ഉദയ്പൂരിലെ മേനാർ എന്നിവയാണ് പുതുതായി പട്ടികയിൽ ഉൾപ്പെട്ട ഇടങ്ങൾ. പരിസ്ഥിതി സംരക്ഷണത്തിലെ ഇന്ത്യയുടെ നിരന്തര പ്രയത്നങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു.

*************************************

## ENVIRONMENT DAY-KERALA

കേരളത്തിൽ പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് നിർവ്വഹിക്കും. രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ക്ലിഫ് ഹൗസിൽ നിർവ്വഹിക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ 2025 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങളും മുഖ്യമന്ത്രി ഇന്ന് വിതരണം ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപന വിഭാഗത്തിൽ ഗുരുവായൂർ നഗരസഭയ്ക്കാണ് പുരസ്ക്കാരം.

*************************************

## RENI R PILLAI........ (INTRO)

പരിസ്ഥിതി ദിനാചരണത്തെക്കുറിച്ച്,കോട്ടയം വൈൽഡ് ലൈഫ് സർക്കിൾ, വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ റെനി.ആർ. പിള്ള ആകാശവാണി വാർത്തകളോട്.....

(വോയ്സ്)

*************************************

## NEERDHARA-PALAKKAD (INTRO)

പാലക്കാട് ജില്ലയിലെ ഉപരിതല ജല ലഭ്യതയും ഭൂജലവിതാനവും ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ജലസംരക്ഷണ പദ്ധതി 'നീർധാര'യുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ഇന്ന് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**(വോയ്സ്)**

*************************************

## STAMPEDE

ബംഗളുരുവിൽ റോയൽ ചലഞ്ചേഴ്സിൻറെ ഐപിഎൽ വിജയാഘോഷങ്ങൾക്കിടെ തിക്കിലും തിരക്കിലും 11 പേർ മരിക്കാനിടയായ സംഭവത്തിൽ, മജിസ്റ്റീരിയൽ തല അന്വേഷണം പ്രഖ്യാപിച്ച് കർണാടക സർക്കാർ. ബെംഗളൂരു അർബൻ ഡെപ്യൂട്ടി കമ്മീഷണറും ജില്ലാ മജിസ്ട്രേറ്റുമായ മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ ജി. ജഗദീഷയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു. 15 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാനാണ് നിർദേശം. മരിച്ചവരുടെ കുടുംബങ്ങൾക്ക് കർണാടക സർക്കാർ 10 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. അപകടത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അതീവ ദുഃഖം രേഖപ്പെടുത്തി. ആയിരക്കണക്കിന് ആരാധകർ വിവിധ ഗേറ്റുകളിലൂടെ ചിന്നസ്വാമി സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കാൻ ശ്രമിച്ചതാണ് തിക്കിനും തിരക്കിനും ഇടയാക്കിയത്. സുരക്ഷാ കാരണങ്ങളാൽ ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിലേക്കുള്ള വിജയാഘോഷ പരേഡിന് കർണാടക സർക്കാർ നേരത്തെ അനുമതി നിഷേധിച്ചിരുന്നു.

**************************************

## GOVT CENSUS

രാജ്യത്ത് അടുത്ത ജനസംഖ്യാ കണക്കെടുപ്പ് 2027 ൽ നടത്തുമെന്ന് കേന്ദ്രസർക്കാർ. രണ്ടു ഘട്ടങ്ങളായി നടക്കുന്ന കണക്കെടുപ്പിൽ ജാതി തിരിച്ചുള്ള കണക്കെടുപ്പും നടത്തും. 2027 മാർച്ച് ഒന്നു മുതലാണ് കണക്കെടുപ്പെങ്കിലും ജമ്മുകശ്മീർ, ഹിമാചൽ, ഉത്തരാഖണ്ഡ് തുടങ്ങിയ അതിശൈത്യ മേഖലകളിൽ 2026 ഒക്ടോബർ ഒന്നിന് തന്നെ ഇതാരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

**************************************

## RAILWAY- E- AADHAAR

തത്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് ഇ-ആധാർ ഉപയോഗിക്കുന്നത് ഉടൻ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അവശ്യ സന്ദർഭങ്ങളിൽ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് ഇത് സഹായകമാകുമെന്നും അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

**************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

**************************************

## PM- J AND K VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. 46,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

കത്രയിൽ 350 കോടി രൂപയിലധികം ചെലവിൽ നിർമിക്കുന്ന ശ്രീ മാതാ വൈഷ്ണോദേവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എക്സലൻസിന്റെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.

************************************

## NILAMBUR-BYELECTION

കേരളത്തിൽ, നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പ്രചാരണം ഊർജ്ജിതമാക്കി സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കഴിഞ്ഞ ദിവസം നടന്ന പത്രികകളുടെ സൂക്ഷ്മ പരിശോധനയിൽ ഏഴ് പത്രികകൾ തള്ളിയ ശേഷം 18 പത്രികകളാണ് സ്വീകരിച്ചത്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സരം രംഗത്തുണ്ട്. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

************************************

## VIKASIT SAKALP

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഇന്ന് ബാലുശേരി ബ്ലോക്കിലെ വിവിധ കേന്ദ്രങ്ങളിൽ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി ക്യാമ്പയിൻ സംഘടിപ്പിക്കും.

************************************

## IMD

അടുത്ത ഒരാഴ്ച വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ് തുടങ്ങിയ ഇടങ്ങളിലും മഴയ്ക്ക് സാധ്യതയുണ്ട്. അസമിൽ, വെള്ളപ്പൊക്ക സ്ഥിതി രൂക്ഷമായി തുടരുകയാണ്. 21 ജില്ലകളിലായി ആറ് ലക്ഷത്തിലധികം ആളുകളെയാണ് വെള്ളപ്പൊക്കം ബാധിച്ചത്. നാഗാലൻഡിൽ, കൊഹിമ ജില്ലയിലുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് കൊഹിമയ്ക്കും മണിപ്പൂരിനും ഇടയിലുള്ള ഗതാഗതം തടസപ്പെട്ടു.

**************************************

## SIKKIM-STRANDED TOURISTS

സിക്കിമിലെ ലാച്ചെൻ മേഖലയിൽ റോഡ് ഗതാഗതം പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കുടുങ്ങിക്കിടക്കുന്ന യാത്രക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ലാച്ചനിൽ കുടുങ്ങിയ 109 യാത്രക്കാർ ഛാഥനിൽ എത്തി. ഇവരെ ഇന്ന് എയർലിഫ്റ്റ് ചെയ്യും.

**************************************

## PARLIAMENT.. INTRO

പാർലമെൻറിൻറെ വർഷകാല സമ്മേളനം അടുത്ത മാസം 21ന് ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ആഗസ്റ്റ് 12 വരെ സമ്മേളനം തുടരും. ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം നിലനിൽക്കേയാണ് തീരുമാനം.

(വോയ്സ്)

**************************************

## YOGA SAMAGAM

അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിനുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന യോഗ സംഗമത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലുടനീളമുള്ള 30,000-ത്തിലധികം സംഘടനകൾ ഇതിനകം രജിസ്റ്റർ ചെയ്തു. ഈ മാസം 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

******************************************

## AYODHYA – PRAN PRATISHTHA

ഗംഗാ ദസറയുടെ ഭാഗമായി അയോധ്യയിൽ പ്രാണ പ്രതിഷ്ഠാ ചടങ്ങ് നടക്കും. മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ശ്രീ രാമമന്ദിർ തീർത്ഥ ക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ് എന്നിവർ പങ്കെടുക്കും,.

******************************************

## HAJJ

ഹജ്ജ് കർമത്തിലെ പ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്. 18 ലക്ഷത്തിലധികം തീർത്ഥാടകർ ഇത്തവണ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം. അതേസമയം കേരളത്തിൽ ബലിപെരുന്നാൾ ഈ മാസം ഏഴിനായിരിക്കുമെന്ന് വിവിധ ഖാസിമാർ നേരത്തെ അറിയിച്ചിരുന്നു.

******************************************

## ALL PARTY DELEGATION – THAROOR

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി നിയോഗിച്ച അഞ്ച് സർവകക്ഷി പ്രതിനിധി സംഘങ്ങൾ ദൗത്യം പൂർത്തിയാക്കി തിരിച്ചെത്തി. ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള

സംഘം അമേരിക്കയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായും യുഎസ് കോൺഗ്രസിലെ നേതാക്കളുമായും കൂടിക്കാഴ്ച നടത്തി.

*****************************************

## AVIATION–TURKISH AIRLINES

അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ മാനദണ്ഡങ്ങൾ സംബന്ധിച്ച ഉടമ്പടിയും രാജ്യത്തെ വ്യോമയാന ചട്ടങ്ങളും പൂർണ്ണമായി പാലിക്കണമെന്ന് തുർക്കി എയർലൈൻസിന് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ നിർദേശം. ഡിജിസിഎയുടെ പരിശോധനകളിൽ, വിമാനങ്ങളുടെ അറ്റകുറ്റപ്പണി, അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യൽ, ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് കരാർ എന്നിവയിൽ വീഴ്ച കണ്ടെത്തിയതിനെ തുടർന്നാണ് നിർദ്ദേശം. അന്താരാഷ്ട്ര, ദേശീയ സുരക്ഷാ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞ മാസം 29 മുതൽ ഈ മാസം 2 വരെ ഡൽഹി, ഹൈദരാബാദ്, ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിലാണ് പരിശോധനകൾ നടത്തിയത്.

*************************************************************************************

****************************